روضة الخطباء

**റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്**

# ആരാണ് ഇമാം മഹ്ദി?

10/11/2023

sufaraulislam.com

بسم الله الرحمن الرحيم

**ലോകത്തിന് ഒരു അവസാനമുണ്ട്.**

اللَّهُ لَا إِلَهَ إِلَّا هُوَ لَيَجْمَعَنَّكُمْ إِلَى يَوْمِ الْقِيَامَةِ لَا رَيْبَ فِيهِ وَمَنْ أَصْدَقُ مِنَ اللَّهِ حَدِيثًا [٤/ ٨٧]

إِنَّ رَبَّكَ هُوَ يَفْصِلُ بَيْنَهُمْ يَوْمَ الْقِيَامَةِ فِيمَا كَانُوا فِيهِ يَخْتَلِفُونَ [السجدة: ٢٥]

إِنَّكَ مَيِّتٌ وَإِنَّهُمْ مَيِّتُونَ *ثُمَّ إِنَّكُمْ يَوْمَ الْقِيَامَةِ عِنْدَ رَبِّكُمْ تَخْتَصِمُونَ [الزمر: ٣٠، ٣١]

- ലോകം അവസാനിക്കുമ്പോൾ ലോകത്ത് തിന്മകൾ വർദ്ധിക്കും. അജ്ഞത വ്യാപിക്കും. അർഹതയില്ലാത്തവർ നേതാവുകയുമൊക്കെ ചെയ്യും.
- ലോകാവസാനത്തിന്റെ അടയാളങ്ങൾ മാലയുടെ ചരട് അറ്റ് അതിലെ മുത്തുകൾ താഴേക്ക് വീഴുന്നതു പോലെ സംഭവിച്ചു കൊണ്ടിരിക്കുന്ന കാലം വരും.
- അത്തരം സാഹചര്യത്തിൽ ലോകത്ത് കടന്നു വരുന്ന നല്ല ഒരു മനുഷ്യനാണ് ഇമാം മഹ്ദി.
- ആ വ്യക്തിയുടെ പ്രത്യേകതകളും ആ കാലത്ത് സംഭവിക്കുന്ന കാര്യങ്ങളും നബി (സ്വ) വിവരിച്ചു തന്നിട്ടുണ്ട്.

## ❖ ആരാണ് ഇമാം മഹ്ദി? എന്താണ് അദ്ദേഹത്തിന്റെ പ്രത്യേകതകൾ..?

- **ഇമാം മഹ്ദിയെക്കുറിച്ച് ജനങ്ങൾ വിവിധ തട്ടിലാണ്.**

1. **ഇമാം മഹ്ദി ഒരു സാങ്കൽപ്പിക കഥാപാത്രമാണെന്ന് വിശ്വസിക്കുന്നവർ**
2. **ഇമാം മഹ്ദി എന്നത് കെട്ടു കഥയാണ് എന്നു പറയുന്നവർ.**

- റഷീദ് രിദയെ പോലെയുള്ള പണ്ഡിതന്മാർ നിഷേധിച്ചവരിൽ പ്രമുഖരാണ്.
- ഇബ്നു ഖൽദൂനിനെപ്പോലയുള്ളവരും നിഷേധിച്ചിട്ടുണ്ട്. മഹ്ദി ഇമാമിന്റെ വിഷയത്തിൽ വന്ന ഹദീസുകളെല്ലാം നിരൂപണ വിധേയമാ ണെന്നും അതു കൊണ്ട് തന്നെ മഹ്ദി ഇമാം ഒരു പ്രഹേളിക മാത്രമാണ് എന്നൊക്കെയായിരുന്നു അദ്ധേഹത്തിന്റെ വാദഗതികൾ. അത് പ്രധാനപ്പെട്ട സംഗതി ആണെങ്കിൽ ഖുർആനിൽ അത് എന്ത് കൊണ്ട് പരാമർശിക്കപ്പെട്ടില്ല എന്നും മഹ്ദി ഇമാം മിഥ്യയാണെന്നതിന് തെളിവായി അദ്ദേഹം വാദിച്ചു ...

3. **ഇമാം മഹ്ദിയാണ് ചിലരെന്ന് വിശ്വസിക്കുന്നവർ**

**4. ഇമാം മഹ്ദി താനാണെന്ന് സ്വയം വാദിച്ചവർ.**

**❖ പ്രമാണങ്ങൾ പരിചയപ്പെടുത്തിയ ഇമാം മഹ്ദിയെ ആദ്യം മനസ്സിലാക്കാം.**

**ശൈഖ് ഇബ്നു ബാസ് (റഹി) പറഞ്ഞ ഒരു വാചകം.**

أمرُ المهدِي مَعلومٌ والأحاديثُ فيهِ مُستفِيضَةٌ

**1. എന്റെ കുടുംബത്തിൽ നിന്നും ഉള്ള വ്യക്തി.**

**ഇബ്നു മസ്ഊദ് (റ) വിൽ നിന്നും നിവേദനം. നബി (സ്വ) പറഞ്ഞു:**

لَا تَقُومُ السَّاعَةُ حَتَّى يَلِيَ رَجُلٌ مِنْ أَهْلِ بَيْتِي يُوَاطِئُ اسْمُهُ اسْمِي (ترمذي)

എന്റെ കുടുംബത്തിൽനിന്ന് ഒരാൾ അധികാരമേൽക്കുന്നതുവരെ അന്ത്യനാൾ സംഭ വിക്കു കയില്ല. അദ്ദേഹത്തിന്റെ പേര് എന്റെ പേരിനോട് ഒത്തുവരും.

عن عبدِ الله بن مَسْعودٍ قالَ: قالَ رسولُ الله ﷺ لَوْ لَمْ يَبْقَ مِنْ الدُّنْيَا إِلَّا يَوْمٌ... لَطَوَّلَ اللَّهُ ذَلِكَ الْيَوْمَ حَتَّى يَبْعَثَ فِيهِ رَجُلًا مِنِّي أَوْ مِنْ أَهْلِ بَيْتِي يُوَاطِئُ اسْمُهُ اسْمِي وَاسْمُ أَبِيهِ اسْمُ أَبِي (أبوداود)

ദുനിയാവിൽ ഒരു ദിവസമാണ് ശേഷിക്കുന്നതെങ്കിൽ അല്ലാഹു ആ ദിനത്തെ ദീർഘിപ്പിക്കുകതന്നെ ചെയ്യും. അങ്ങിനെ അതിൽ അല്ലാഹു എന്നിൽ നിന്ന് അല്ലെങ്കിൽ എന്റെ കുടുംബത്തിൽ നിന്ന് ഒരു വ്യക്തിയെ നിയോഗിക്കും. അദ്ദേഹത്തിന്റെ പേര് എന്റെ പേരിനോടും അദ്ദേഹത്തിന്റെ പിതാവിന്റെ പേര് എന്റെ പിതാവിന്റെ പേരിനോടും യോജിച്ചുവരും.

**ഉമ്മു സലമ (റ) വിൽ നിന്നും നിവേദനം;**

عَنْ أُمِّ سَلَمَةَ، قالَتْ: سَمِعْتُ رَسُولَ اللَّهِ ﷺ، يَقُولُ :المَهْدِيُّ مِن عِتْرَتِي، مِن ولَدِ فاطِمَةَ (أبوداود)

ഫാത്വിമ (റ) യുടെ സന്താന പരമ്പരയിലായി എന്റെ കുടുംബത്തിൽ പെട്ടയാളാണ് മഹ്ദി.

**അലിയ്യ് (റ) വിൽ നിന്നും നിവേദനം;**

عَنْ عَلِيٍّ قال رَسُول اللهِ ﷺ المَهْدِيُّ مِنّا أهْلَ البَيْتِ يُصْلِحُهُ اللَّهُ في ليلة. (إبن ماجة)

മഹ്ദി നമ്മിൽപെട്ടവനാണ്. അഥവാ നബികുടുംബത്തിൽ. ഒരു രാവിൽ അല്ലാഹു അദ്ദേഹത്തെ (ഖിലാഫത്ത് കയ്യാളുവാൻ) പ്രാപ്തനാക്കും.

- അഹ്ലുൽ ബയ്തിൽ പെട്ട വ്യക്തിത്വം. അഥവാ, നബി (സ്വ) യുടെ പുത്രി ഫാത്വിമ: (റ) യുടെ മകൻ ഹസൻ (റ) വിന്റെ സന്താന പരമ്പരയിൽ ജനിക്കും..

- മുഹമ്മദ് ഇബ്നു അബ്ദില്ലാഹ് അൽ അലവി അൽ ഫത്വിമി അൽ ഹസനി എന്നാണ് അദ്ദേഹം കുടുംബപരമായി ചേർത്തു വിളിക്കപ്പെടുക.
- ഹുസൈൻ (റ) വിന്റെ പരമ്പരയിൽ ആണ് എന്ന അഭിപ്രായപ്പെട്ടവരുമുണ്ട്.

يُصْلِحُهُ اللَّهُ فِي ليلة.

ഒരു രാവിൽ അദ്ദേഹത്തെ പ്രാപ്തനാക്കും എന്നാൽ അദ്ദേഹം നേതൃത്വം ഏറ്റെടുക്കാൻ കഴിവുള്ള വ്യക്കിയായിരിക്കില്ല. എന്നാൽ അല്ലാഹു ഒരു രാത്രിയിൽ അത്തരം കഴിവുള്ള വ്യക്തിയായി അദ്ദേഹത്തെ ഉയർത്തുന്നതാണ്.

- ലോകം ഭരിക്കാവുന്ന യോഗ്യതയുള്ളവനാക്കും
- സ്വന്തം നിലയിൽ ഉത്തരാവദിത്വം ഏറ്റെടുക്കാൻ അദ്ദേഹം തയ്യാറാവുകയില്ല.
- ആളുകൾ അദ്ദേഹത്തെ ഭരണ നേതൃത്വം ഏറ്റെടുക്കാൻ നിർബന്ധിക്കും.

## 2. അദ്ദേഹത്തിന്റെ ശരീര പ്രകൃതം.

അബൂസഈദിൽ ഖുദ്രി (റ)വിൽ നിന്ന് നിവേദനം.

الْمَهْدِيُّ مِنِّي أَجْلَى الْجَبْهَةِ أَقْنَى الْأَنْفِ (أبوداوود)

മഹ്ദി എന്നിൽപെട്ടയാളാണ്. വിശാലമായ നെറ്റിത്തടവും നീണ്ടതും മദ്ധ്യഭാഗം വ ളഞ്ഞതുമായ മൂക്കുമാണ് അദ്ദേഹത്തിന്.

## 3. അദ്ദേഹം ഭരണം നടത്തുമ്പോഴുള്ള അവസ്ഥ...

يَمْلَأُ الْأَرْضَ قِسْطًا وَعَدْلًا كَمَا مُلِئَتْ جَوْرًا وَظُلْمًا يَمْلِكُ سَبْعَ سِنِينَ (أبوداوود)

അന്യായവും അനീതിയും നിറഞ്ഞിരുന്ന ഭൂമിയിൽ അതുപോലെ അദ്ദേഹം നീതിയും ന്യായവും നിറക്കും. ഏഴ് വർഷം അദ്ദേഹം ഭരിക്കും.

عَنْ أَبِي سَعِيدٍ الْخُدْرِيِّ قالَ: خَشِينا أَنْ يَكُونَ بَعْدَ نَبِيِّنا حَدَثٌ فَسَأَلْنا نَبِيَّ اللهِ ﷺ فقالَ: إِنَّ فِي أُمَّتِي المَهْدِيَّ يَخْرُجُ يَعِيشُ خَمْسًا أَوْ سَبْعًا أَوْ تِسْعًا، (الترمذي)

## 4. എവിടെയാണ് അദ്ദേഹം വരിക?

- കൃത്യമായ ഒരു സ്ഥലം വിവരിക്കപ്പെട്ടിട്ടില്ല. എന്നാൽ അതിലേക്കുള്ള സൂചനകൾ വന്നിട്ടുണ്ട്.
- അദ്ദേഹത്തിന്റെ പുറപ്പാട് കിഴക്കു ഭാഗത്തു നിന്നായിരിക്കും.

- മദീനയിൽ നിന്നാണ് നബി (സ്വ) അത് പറഞ്ഞത്. അപ്പോൾ ബഹ്റൈൻ, ഇറാഖ് പോലെയുള്ള ആ ഭാഗത്തു നിന്നായിരിക്കും എന്ന മനസ്സിലാക്കാം.
- അദ്ദേഹത്തിനുള്ള ബയ്അത്ത് കഅ്ബഃത്തിനരികിൽ വെച്ചായിരിക്കും.
- പൗരസ്ത്യരിൽനിന്ന് ഒരു വിഭാഗത്തെകൊണ്ട് അല്ലാഹു അദ്ദേഹത്തെ ശക്തിപ്പെടുത്തും.
- അവർ അദ്ദേഹത്തിന്റെ ഭരണം സ്ഥാപിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യും.

## 5. അദ്ദേഹം വരുമ്പോൾ സംഭവിക്കുന്നത്.

**അബൂസഈദിൽ ഖുദ്രി (റ) വിൽ നിന്നും നിവേദനം.**

يَخْرُجُ فِي آخِرِ أُمَّتِي الْمَهْدِيُّ يَسْقِيهِ اللَّهُ الْغَيْثَ، تُخْرِجُ الأَرْضُ نَبَاتَهَا ، وَيُعْطَى الْمَالُ صِحَاحًا وَتَكْثُرُ الْمَاشِيَةُ، وَتُعَظَّمُ الأُمَّةُ، (يعني: حججاً). (ابو داوود)

ഈ ഉമ്മത്തിന്റെ അവസാനത്തിൽ മഹ്ദി പുറപ്പെടും. അദ്ദേഹത്തിന് അല്ലാഹു മഴ കനിയും. ഭൂമി അതിലെ സസ്യങ്ങളെ മുളപൊട്ടിക്കും. സമ്പത്ത് തുല്യമായി നൽകപ്പെടും. കാലികൾ പെരുകും. ഉമ്മത്ത് ആദരിക്കപ്പെടും. ഏഴ് അല്ലെങ്കിൽ എട്ട് വർഷം അദ്ദേഹം ജീവിക്കും.

## 6. ഈസാ നബി (അ) ഇറങ്ങുമ്പോൾ അദ്ദേഹം ഇവിടെ ഉണ്ടാകും.

**ജാബിർ (റ) വിൽ നിവേദനം.**

يَنْزِلُ عِيسَى ابْنُ مَرْيَمَ، فَيَقُولُ أَمِيرُهُمْ المَهْدِي: تَعَالَ صَلِّ بِنَا. فَيَقُولُ لَا إِنَّ بَعْضَهُمْ أَمِيرَ بَعْضٍ؛ تَكْرِمَةَ اللَّهِ لِهَذِهِ الْأُمَّةَ

ഈസാ ഇബ്നു മർയം ഇറങ്ങും. അപ്പോൾ അവരുടെ അമീറായ മഹ്ദി പറയും: വരൂ. ഞങ്ങൾക്ക് (ഇമാമായി) നമസ്കരിച്ചാലും. അപ്പോൾ ഈസാ പറയും: ഇല്ല. ഈ സമുദായത്തിന് അല്ലാഹുവിൽ നിന്നുള്ള ആദരവിനാൽ ഇവർ ചിലർ ചിലർക്ക് നേതാക്കളാണ്

**അബൂസഈദിൽ ഖുദ്രി (റ) വിൽ നിന്നും നിവേദനം.**

مِنَّا الَّذِي يُصَلِّي عِيسَى ابْنُ مَرْيَمَ خَلْفَهُ

ഏതൊരു വ്യക്തിയുടെ പിന്നിലാണോ ഈസാ ഇബ്നു മർയം നമസ്കരിക്കുക ആ വ്യക്തി നമ്മിൽ (നബികുടുംബത്തിൽ) നിന്നായിരിക്കും.

**മഹ്ദിയുടെ വിഷയത്തിൽ ജനവിഭാഗങ്ങൾ**

**A. അഹ്ലുസ്സുന്നഃ**

മഹ്ദിയുടെ വിഷയത്തിൽ സ്വഹീഹായ ഹദീഥുകളിൽ പറയപ്പെട്ടതായ വിശ്വാസമാണ് അഹ്ലുസ്സുന്നഃയുടേത്.

- ഇസ്ലാമിനെ ശക്തിപ്പെടുത്തുകയും നീതി വ്യാപിപ്പിക്കുകയും മുസ്ലിംകൾ പിൻതുടരുകയും ഇസ്ലാമിക രാഷ്ട്രങ്ങളിൽ മേൽകോയ്മനേടുകയും ചെയ്യുന്ന ഒരു വ്യക്തി കാലാവസാനത്തിൽ രംഗ പ്രവേശനം ചെയ്യൽ അനിവാര്യമാണ് എന്നത് ഗത കാലങ്ങളിൽ സകലമാന മുസ്ലിംകൾക്കിടയിലും പ്രസിദ്ധമായ കാര്യമണെന്നത് താങ്കൾ അറിയുക. അദ്ദേഹത്തിന് മഹ്ദി എന്ന് പേര് വിളിക്കപ്പെടും.
- അദ്ദേഹത്തിന്റെ വരവിനെ തുടർന്നായിരിക്കും ദജ്ജാലിന്റെ പുറപ്പാടും അതിനുശേഷമുള്ള സ്വഹീഹിൽ സ്ഥിരപ്പെട്ടതായ അന്ത്യ നാളിന്റെ അടയാളങ്ങളുമുണ്ടാവൽ.
- മഹ്ദിയുടെ വരവിനുശേഷം ഈസാ ഇറങ്ങുകയും ദജ്ജാലിനെ കൊല്ലുകയും ചെയ്യും.
- അല്ലെങ്കിൽ മഹ്ദിയുടെ വരവിനൊപ്പം ഈസാ ഇറങ്ങുകയും ദജ്ജാലിനെ വധിക്കുവാൻ അദ്ദേഹം ഈസായെ സഹായിക്കുകയും ചെയ്യും.
- മഹ്ദിയുടെ നേതൃത്വത്തിലുള്ള നമസ്കാരത്തിൽ ഈസാ അദ്ദേഹത്തെ തുടർന്ന് നമസ്കരിക്കും."

**ശിയാക്കൾ**

- തങ്ങളുടെ അവസാനത്തെ ഇമാം മഹ്ദിയാണെന്ന് അവർ വിശ്വസിക്കുന്നു.
- മുഹമ്മദ് ഇബ്നു ഹസനൽ അസ്കരീ എന്ന് പറയപ്പെടുന്ന പന്ത്രണ്ടാമത്തെ ഇമാമാകുന്നു അയാൾ.
- അവരുടെ ജൽപന പ്രകാരം അയാൾ അലിയ്യ് ഇബ്നു ഹുസയ്നി (റ) വിന്റെ സന്താനപരമ്പരയിൽ പെട്ട വ്യക്തിയാണ്.
- അലിയ്യ് ഇബ്നു ഹസനിന്റെ സന്താനപരമ്പരയിലല്ല മഹ്ദി വരിക എന്നതാണ് പ്രാമാണികമായ വിഷയം.

- ശിയാക്കൾ പഠിപ്പിക്കുന്ന മഹ്ദി ആയിരത്തിലേറെ വർഷമായി (ഹിജ്റഃയുടെ ഇരുന്നൂറ്റി അറുപതിൽ) പ്രസ്തുത വ്യക്തി തന്റെ അഞ്ചാമത്തെ വയസ്സിൽ സാമുർറാ ദേശത്തെ ഒരു ഗുഹയിൽ പ്രവേശിച്ചിരിക്കുകയാണെന്നും അദ്ദേഹം മരിച്ചിട്ടില്ലെന്നും മടങ്ങിവരുമെന്നും അവർ വിശ്വസിക്കുന്നു.
- വസ്തുനിഷ്ഠമായി പറഞ്ഞാൽ ശിയാജൽപനം തികഞ്ഞ മൗഢ്യമാണ്. യാതൊരു തെളിവും വിളിച്ചറിയിക്കാത്ത കാര്യമാണ് ശിയാക്കൾ അവരുടെ മഹ്ദിയുടെ വിഷയത്തിൽ എഴുന്നള്ളിച്ചിരിക്കുന്നത്.
- ഇമാം ഇബ്നു കഥീർ പറഞ്ഞതുപോലെ 'അവരുടെ ജൽപനം ഒരു തരം പുലമ്പലും പിശാചിൽനിന്നുള്ള തരംതാഴ്ത്തലിന്റെ വലിയൊരു വിഹിതവുമാണ്. അവരുടെ ജൽപനത്തിന് യാതൊരുവിധ തെളിവോ പ്രമാണമോ ഇല്ലതന്നെ.'

**മഹ്ദി ആണെന്ന് മറ്റുള്ളവർ വാദം ഉന്നയിച്ചവർ**

1. അലിയ്യിബ്നു അബീത്വാലിബ് മഹ്ദിയാണെന്നും അദ്ദേഹം ദുൻയാവിലേക്ക് മടങ്ങുമെന്നും ജൂത സന്താനമായ അബ്ദുല്ലാഹ് ഇബ്നു സബഅ് ജൽപിച്ചിട്ടുണ്ട്.
2. അലിയ്യ് ഇബ്നു അബീത്വാലിബിന്റെ പുത്രൻ മുഹമ്മദ് ഇബ്നുൽഹനഫിയ്യഃ മഹ്ദിയാണെന്ന് അൽമുഖ്താർ അഥ്ഥഖഫി ജൽപിച്ചു.
3. കയ്സാനിയ്യഃ കക്ഷിയും അലിയ്യ് ഇബ്നു അബീത്വാലിബിന്റെ പുത്രൻ മുഹമ്മദ് ഇബ്നുൽഹനഫിയ്യഃ മഹ്ദിയാണെന്ന് ജൽപിച്ചിട്ടുണ്ട്. അലിയ്യിന്റെ മൗലയായ കയ്സാന്റെ അനുയായികളാണ് കയ്സാനിയ്യഃ കക്ഷി. അവർ ശിയാക്കളിലെ ഒരു വിഭാഗമാണ്. ഏറെ പിഴച്ച വാദങ്ങളാണ് അവർക്കുള്ളത്.
4. മുഹമ്മദ് ഇബ്നു അബ്ദില്ലാഹ് ഇബ്നുൽഹസൻ എന്ന ഒരു പുണ്യാളനുണ്ടായിരുന്നു. അബ്ബാസീ ഖിലാഫത്തിൽ ചില പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ജനങ്ങളിൽ ചിലർ അദ്ദേഹം മഹ്ദിയാണെന്ന് ധരിച്ചിരുന്നു.

**മഹ്ദിയാണ് എന്ന് സ്വായം വാദിച്ചവർ**

## عبيد الله بن ميمون القداح

**1. ജൂതസന്താനമായ ഉബയ്ദുല്ലാഹ് അൽക്വദ്ദാഹ്.**

- മുസ്ലിംകളെ കൊന്നൊടുക്കുകയും കഅ്ബഃ തകർക്കുവാൻ ശ്രമിക്കുകയും ഹജറുൽഅസ്വദ് മോഷ്ടിക്കുകയും ചെയ്ത ക്വറാമിത്വഃ കക്ഷിയുടെ തലവൻ.

- മഹ്ദിയാണെന്ന് ജൽപിച്ച ഈ നീചനാണ് ആഫ്രിക്കയിൽ (തുനീഷ്യയിൽ) മ ഹ്ദിയ്യഃ പട്ടണം സ്ഥാപിച്ചത്.

**2. ഇബ്നു അബ്ദുല്ലാഹ് അൽബർബരി.**

- ഇയാൾ ഹിജ്റാബ്ദം അഞ്ഞൂറ്റി പതിനാലിൽ രംഗപ്രവേശനം ചെയ്തു.
- മഹാദുഷ്ടനായിരുന്ന ഇയാൾ താൻ മഹ്ദിയാണെന്നത് സ്ഥാപിക്കുവാൻ വലി യ തന്ത്രങ്ങൾ ആവിഷ്കരിച്ചിരുന്നു.
- ഒരിക്കൽ ഇയാൾ കുറച്ചാളുകളെ ഒരു കുഴിയിൽ ഒളിപ്പിക്കുകയും ശേഷം മരണം വരിച്ചവരേ നിങ്ങൾ ഉത്തരമേകൂ എന്ന് ആളുകൾകേൾക്കെ വിളിക്കുകയും ചെ യ്തു.
- അവർ പ്രതികരിച്ചു: താങ്കളാണ് മഅ്സൂമായ മഹ്ദി. തന്റെ തന്ത്രം പൊളിയു മെന്നറിഞ്ഞ ദുഷ്ടൻ ക്വബ്റുകളിൽ ഒളിപ്പിച്ച ആളുകളെ അതിൽ മൂടുകയും കൊ ല്ലുകയുമാണുണ്ടായത്.

**3. സുഡാൻ വംശജനായിരുന്ന മുഹമ്മദിബ്നു അഹ്മദ്.**

- ഇയാൾ ക്രിസ്താബ്ദം ആയിരത്തി എണ്ണൂറ്റി എമ്പത്തി അഞ്ചിൽ മരണപ്പെട്ടു.
- ക്വാദിരിയ്യാ ത്വരീക്വത്തിൽ സ്വൂഫിയായിട്ടാണ് ഇയാൾ വളർന്നത്.
- നാൽപ്പതു നാളുകളിലെ ഭജനക്കുശേഷമാണ് ലോകത്ത് നീതി നിറക്കുന്ന മഹ്ദി യാണ് താനെന്ന് അയാൾ പരസ്യപ്പെടുത്തിയത്.
- താൻ മഹ്ദിയാണെന്നതിൽ സംശയിക്കുന്നവരെ ഇയാൾ കാഫിറെന്ന് വിധി ച്ചിട്ടുണ്ട്.

**4. മുഹമ്മദ് ഇബ്നു അബ്ദുല്ലാഹ് അൽക്വഹ്ത്വാനി.**

- സുഊദി അറേബ്യയിലെ റിയാദ്വിൽ പ്രത്യക്ഷപ്പെട്ടു.
- താൻ മഹ്ദിയാണെന്ന് സ്വപ്നദർശനമുണ്ടായി എന്ന് പറഞ്ഞ ക്വഹ്ത്വാനിക്ക് ചിലർ ബയ്അത്ത് ചെയ്തു.
- അവർ മസ്ജി ദുൽഹറാമിൽ താവളമടിക്കുകയും ഹിജ്റാബ്ദം ആയിരത്തി നാ ന്നൂറിൽ ഹറമിൽ വലിയ ഫിത്നഃ ഉടലെടുക്കുകയും അത് ക്വഹ്ത്വാനിയുടെ മര ണത്തിൽ കലാശിക്കുകയുമുണ്ടായി.

**5. മിർസാ ഗുലാം അഹ്മദ് ഖാദിയാനി:**

- ഇന്ത്യയിലെ പഞ്ചാബ് സംസ്ഥാനത്തെ ഖാദിയാനിൽ ജനിച്ച ഇദ്ദേഹം താൻ മഹ്ദിയാണെന്ന് മസീഹാണെന്നും നബിയാണെന്നുമെല്ലാം തരാതരം പോലെ വാദിച്ചു.
- വാദങ്ങൾ സമർത്ഥിക്കാൻ പല ഞൊണ്ടിനായങ്ങളും പറയുകയും പ്രചരിപ്പിക്കുകയും ചെയ്തെങ്കിലും മുസ്‌ലിം ബഹുഭൂരിപക്ഷത്തിന്റെ വിശിഷ്യാ പണ്ഡിതന്മാരുടെ പിന്തുണയൊന്നും അദ്ദേഹത്തിന് ലഭിച്ചില്ല.
- ഹദീസിൽ പരാമർശിക്കപ്പെട്ട ഇമാം മഹ്ദിയുടെ യാതൊരു ലക്ഷണവും ഉണ്ടായിരുന്നില്ലെന്നതിന് പുറമെ ആയാളും അയാളുടെ അനുയായികളായ ഖാദിയാനികളും കാഫിറുകളാണെന്ന് ലോക മുസ്‌ലിം പണ്ഡിതന്മാർ വിധിയെഴുതുകയും ചെയ്തു.
- നബി (സ്വ)ക്ക് ശേഷം ഒരു നബി വന്നു എന്ന് വിശ്വസിച്ചത് തന്നെ കാരണം...!

**മഹ്ദിയെ കളവാക്കിയവർ**

- അഹ്ലുസ്സുന്നഃയിലേക്ക് ചേർത്തുവിളിക്കപ്പെടുന്ന ചിലർ മഹ്ദിയുടെ വരവിലുള്ള വിശ്വാസത്തെ കളവാക്കിയിട്ടുണ്ട്.
- ബാലിശമായ ചില ന്യായങ്ങളാണ് അവർ തങ്ങളുടെ നിഷേധത്തിന് കൂട്ടു പിടിച്ചത്.
- പ്രാമാണികരായ പണ്ഡിതന്മാർ അവരുടെ വാദങ്ങൾക്ക് ശക്തമായ മറുപടി നൽകിയിട്ടുമുണ്ട്.

**1. ഖുർആനിൽ പറഞ്ഞിട്ടില്ലെന്ന് വാദിക്കുന്നവർ...**

- പ്രമാണങ്ങൾ എന്താണ് എന്ന് പഠിക്കാത്തവരാണ് ഇവർ.
- ഇസ്ലാമിൽ പ്രമാണം ഖുർആൻ മാത്രമല്ല, ഹദീസുകളും പ്രമാണമാണ്.

وَمَآ ءَاتَىٰكُمُ ٱلرَّسُولُ فَخُذُوهُ وَمَا نَهَىٰكُمْ عَنْهُ فَٱنتَهُوا (٧/٥٩)

وَمَا يَنطِقُ عَنِ ٱلْهَوَىٰٓ ﴿٣﴾ إِنْ هُوَ إِلَّا وَحْىٌ يُوحَىٰ (٥٣/٣-٤)

عَنِ الْمِقْدَامِ بْنِ مَعْدِيكَرِبَ، عَنْ رَسُولِ اللَّهِ صلى الله عليه وسلم أَنَّهُ قَالَ : أَلاَ إِنِّي أُوتِيتُ الْكِتَابَ وَمِثْلَهُ مَعَهُ

മിഖ്ദാമി ബ്നു മഅ്ദീകരിബ رَضِيَ اللَّهُ عَنْهُ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: അറിയുക; നിശ്ചയം, എനിക്ക് കിതാബും (ഖുർആൻ) അതിന്റെ കൂടെ അത് പോലുള്ളതും നൽകപ്പെട്ടിരിക്കുന്നു (അബൂദാവൂദ് : 4604 – സ്വഹീഹ് അൽബാനി)

فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِيٓ أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا (٤/٦٥)

---

- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+918594044600) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സ്ആപ്പ് മെസേജ് അയക്കുക.
- ഖുത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

- ഇതു വരെയുള്ള എല്ലാ ഖുത്ബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.

https://t.me/joinchat/ScQ0nQalrhJ2ZcA_